ഇ.മെയിൽ: 'dmekerala@gmail.com' ഫോൺ: (ഓഫീസ് ) : 2528575
ഫാക്സ് : 0471-2443080 2442126
ഡയറക്ററർ :2444011

കേരള സർക്കാർ
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം - 695 011

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

നം: ബി6 /35205/2013/ഡി.എം.ഇ. തീയതി : 1/9/2014

## വിജ്ഞാപനം

സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ്കോളേജുകളിലേയ്ക്കും അംഗീകാരമുള്ള സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്കും 2014 പി.ജി.നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള അലോട്ട്മെന്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള പഴയ ആഡിറ്റോറിയത്തിൽ വച്ച് സെപ്റ്റംബർ 17,18,19 തീയതികളിൽ താഴെപ്പറയും പ്രകാരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിവിധ സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവരും ജനറൽ റാങ്ക് ലിസ്റ്റിൽ ഉള്ളവരും അവരുടെ റാങ്ക് പ്രകാരം അതാത് ദിവസത്തെ കൗൺസിലിംഗിൽ ഹാജരാകേണ്ടതാണ്.

| തീയതി | സമയം | റാങ്ക് വിവരം |
|---|---|---|
| 17.9.2014 | രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ | റാങ്ക് 1 മുതൽ 75 വരെയും സർവ്വീസ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ എല്ലാവരും |
| | ഉച്ചയ്ക്ക് 2 മണിമുതൽ 5 മണിവരെ | റാങ്ക് 76 മുതൽ 200 വരെയും പട്ടികജാതി (എസ്.സി) വിഭാഗം റാങ്ക് നമ്പർ 1000 വരെയും പട്ടികവർഗ്ഗ (എസ്.റ്റി) വിഭാഗത്തിൽപ്പെട്ട റാങ്ക് ലിസ്റ്റിൽ ഉള്ള എല്ലാപേരും ഹാജരാകേണ്ടതാണ്. |
| 18.9.2014 | രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ | റാങ്ക് 201 മുതൽ 400 വരെ |
| | ഉച്ചയ്ക്ക് 2 മണിമുതൽ 5 മണിവരെ | റാങ്ക് 401 മുതൽ റാങ്ക് ലിസ്റ്റിൽ 500 വരെ ഉൾപ്പെട്ടിട്ടുള്ള എല്ലാപേരും ഹാജരാകേണ്ടതാണ്. |
| 19.9.2014 | രാവിലെ 10 മണിമുതൽ | 500ന് മുകളിലുള്ള എല്ലാപേരും ഹാജരാകേണ്ടതാണ്. |

പ്രവേശന പരീക്ഷാ കമ്മിഷണറുടെ റാങ്കിന്റെ അടിസ്ഥാനത്തിലും സീറ്റുകളുടെ ലഭ്യത അനുസരിച്ചും അഡ്മിഷൻ ലഭിക്കുന്നതാണ്. വിദ്യാർത്ഥികൾ നേരിട്ടോ, അധികാരപ്പെടുത്തിയ വ്യക്തി മുഖേനയോ ഇന്റർവ്യൂവിന് ഹാജരാകാം. അധികാരപ്പെടുത്തിയ വ്യക്തി മുഖേന ഹാജരാകുന്നവർ അതിലേക്കായി അധികാരപത്രം പൂരിപ്പിച്ച് നൽകേണ്ടതാണ്. (മാതൃക പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്). അപേക്ഷകർ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും സർട്ടിഫിക്കറ്റുകളുടെ അസ്സലും ഫോട്ടോസ്റ്റാറ്റ് പകർപ്പും ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അതാത് ദിവസം തന്നെ ഫീസ് അടയ്ക്കേണ്ടതാണ്.

ആദ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സെപ്റ്റംബർ മാസം ഇരുപതാം തീയതി അതാതുകോളേജുകളിൽ 5 മണിയ്ക്ക് മുമ്പേ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആദ്യഘട്ട അലോട്ട്മെന്റിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതല്ല.

സീറ്റുകളുടെ ലഭ്യത, കോളേജ് തുടങ്ങിയ വിവരങ്ങൾ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിശദവിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഒപ്പ്**
**ഡയറക്ടർക്കുവേണ്ടി.**

പകർപ്പ് :
1. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
2. ന്യൂസ് എഡിറ്റർ, ആകാശവാണി/ദൂരദർശൻ,തിരുവനന്തപുരം/കോഴിക്കോട്
3. പ്രിൻസിപ്പാൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/ തൃശ്ശൂർ/കോഴിക്കോട്
4. ഡി.എം.ഇ./ ജെ.ഡി.എം.ഇ(ജി)/ ജെഡിഎംഇ(എം) എന്നിവരുടെ സി.എ. മാർക്ക്.
5. സാർജന്റ്/നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

എസ്സാർജെ.5/9/14
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~